നേവൽബേസ്-തേവര പുതിയ പാലത്തിന്റെ നിർമ്മാണ പുരോഗതി

220 (1948) ശ്രീ. സി. എം. ദിനേശ്മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേവൽബേസ്-തേവര പുതിയ പാലത്തിന്റെ നിർമ്മാണപുരോഗതി വ്യക്തമാക്കുമോ ;

(ബി) ഈ പാലം ഗതാഗതത്തിനായി എന്ന് തുറന്നുകൊടുക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നേവൽ ബേസിനേയും തേവരയേയും ബന്ധിപ്പിക്കുന്ന വെണ്ടുരുത്തി പാലത്തിന്റെ പണി പൂർത്തിയായി. എന്നാൽ അപ്രോച്ച് റോഡിന്റെയും നേവൽ ബേസ് വശത്തുള്ള അണ്ടർ പാസിന്റേയും പണികൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇത് പൂർത്തിയായാൽ മാത്രമേ പാലം ഗതാഗതത്തിന് തുറന്നു കൊടുക്കുവാൻ സാധിക്കുകയുള്ളൂ.

മാട്ടൂർ-മടക്കര പാലത്തിന്റെ പ്രവർത്തന പുരോഗതി

221 (1949) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മാട്ടൂൽ-മടക്കര പാലത്തിന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദാംശങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ ;

(സി) ഈ പാലം നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 37.062 മീറ്റർ വീതം 14 സ്പാനുകളുള്ള മാട്ടൂർ-മടക്കര പാലത്തിന്റെ ഫൗണ്ടേഷൻ പണികൾ പൂർത്തിയായിട്ടുണ്ട്. 15 പൈൽ ക്യാപ്പിൽ 13 എണ്ണവും 15 തൂണുകളിൽ 11 എണ്ണവും പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. മാട്ടൂർ ഭാഗത്തുള്ള ഒന്നാമത്തെ സ്പാനിന്റെ 3 ബീമും പൂർത്തിയായിട്ടുണ്ട്. അതിന്റെ കുറുകെയുള്ള ബീമിന്റെയും, സ്ലാബിന്റെയും സെന്റിംഗ് പ്രവൃത്തി നടന്നുവരികയാണ് രണ്ടാമത്തെ

LIBRARY ARCHIVES Kerala Legislative Assembly